TB Movie Club Weekly Review **#MoviePanel**

ASUR 1(OTT:VOOT)
ASUR 2 (OTT: Jio Cinema)

എഴുതിയത്: Sreekanth S Pillai

അസുർ രണ്ടു ഭാഗങ്ങളിൽ ആയിട്ടാണ് ഉത്ഭവിക്കുന്നത്...
Voot എന്ന പ്ലാറ്റഫോം ആണ് ആദ്യത്തെ സീസൺ പ്രൊഡ്യൂസ് ചെയ്യുന്നത്..
പിന്നീട് അതിനെ Reliance ഏറ്റെടുത്ത പോലെ ആണ് ഇപ്പോൾ കരുതേണ്ടത്...
Kalki എന്ന അസുരനെതിരെ കലി എന്ന അവതാരം പിറവി എടുക്കണതാണ് പ്രമേയം...
കൽക്കി അല്ലെങ്കിൽ കൽക്കിയുടെ അവതാരം ആണ് താൻ എന്ന് ഉറപ്പിച്ചു മുന്നോട്ടു പോകുന്ന അന്റോഗനിസ്റ്റും മറ്റു ലോ ഏജൻസികളും തമ്മിലുള്ള സംഘർഷം ആണ് കഥാതന്തു...
ഹിന്ദി നന്നായി മനസ്സിലായില്ലെങ്കിൽ ഇതിൽ പറയുന്ന ഒരുപാടു ഫിലോസോഫിസ് ഓവർ ദി ഹെഡ് ആയി പോകും..
മനുഷ്യന്റെ നൈതിക അല്ലെങ്കിൽ മാനുഷിക ഭാവനകളെ താത്കാലികമായ അവസ്ഥകൾ എങ്ങനെ സ്വാധിനിക്കുന്നു എന്ന് വരച്ചു കാട്ടുന്നുണ്ട് അസുർ ... ഒരു പരിധി വരെ നോളന്റെ ബാറ്റ്മാൻ ഡാർക്ക് നൈറ്റ് പാത തന്നെ ആണ് കഥാതന്തു... ഉദാത്തം എന്ന് ഒരിക്കലും പറയാൻ പറ്റില്ല.. എൻഗേജിങ് ആണ്..: എന്റെ രണ്ടു ദിവസത്തെ routine ഉറക്ക സമയത്തെ വൈകിപ്പിച്ചു എന്ന് നിസംശയം പറയാം...
ദാഞ്ജയ് രാജ്പൂത് ആയി അർഷാദ് വേർസി വെറും സ്റ്റാർ പവർ മാത്രം ആണ് ആദ്യത്തെ സീസണിൽ നൽകുന്നതെങ്കിൽ രണ്ടാം സീസണിൽ അയാൾ അസാധ്യമായ ഡാർക്ക് vibes ഉടനീളം വാരി വിതറുന്നു.. ഇരുട്ടിനെ ജയിക്കാൻ ഇരുളിന്റെ സഹായം തന്നെ കഥാപാത്രം പ്രകടമാക്കുന്നു...